**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5097** **11-08-2021 - ൽ മറുപടിയ്ക്ക്**

**പഠനമുറി നിർമ്മാണ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള പഠനമുറി നിർമ്മാണം എന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ, പട്ടികജാതി വികസന വകുപ്പിന്റെ സ.ഉ.(പി)നം.13/2017/പജപവവിവ തീയതി 30-12-2017 എന്ന ഉത്തരവിലൂടെ നടപ്പിലാക്കുന്ന സമാനപദ്ധതിയുടെ മാനദണ്ഡങ്ങളുടേതിന് തുല്യമാക്കി, 15%+30%+40%+15% എന്ന ക്രമത്തിൽ പഠനമുറി ധനസഹായം അനുവദിക്കുന്നതിന്, നിലവിലുള്ള മാനദണ്ഡങ്ങൾ പുന:ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ നൽകാമോ ? | (എ) | 14.02.2018 ലെ സ.ഉ.(കൈ) നം.22/2018/തസ്വഭവ ഉത്തരവുപ്രകാരമുള്ള ജനകീയാസൂത്രണ മാർഗ്ഗരേഖ അനുസരിച്ച് 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കാൻ ആകെ 2.00 ലക്ഷം രൂപ വരെ നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതിയുണ്ടായിരുന്നു. 50000/- രൂപ മുൻകൂറായി നൽകുന്നതിനാണ് ഇതുപ്രകാരം അനുമതി നൽകിയിരുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ട പ്രകാരം 6.12.2019 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാന പ്രകാരം ഇത് 3 ഗഡുക്കളായി നൽകുന്നതിന് അനുമതി നൽകി. ഇതുപ്രകാരം ആദ്യ ഗഡുവായി 50,000/- രൂപയും ശേഷിക്കുന്ന തുക 75,000/- രൂപയുടെ രണ്ട് ഗഡുക്കളായും നൽകാം. ആദ്യ ഗഡു തുക ഉപയോഗിച്ച നിർമ്മാണം നടത്തിയതിനുശേഷം അതിന്റെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡുവായി 75,000/- രൂപയും ശേഷിക്കുന്ന തുക പഠനമുറി പൂർത്തിയാക്കി വാല്യുവേഷന്റെ അടിസ്ഥാനത്തിൽ നൽകാമെന്നുമാണ് 28.01.2020 ലെ സ.ഉ.(സാധാ) നം.221/2020/തസ്വഭവ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന സ്കീം പ്രകാരം ആദ്യ രണ്ടു ഗഡുക്കളിലൂടെ 90,000 രൂപ ലഭിക്കുമ്പോൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന സ്കീമിലൂടെ രണ്ട് ഗഡുക്കളായി 1,25,000 രൂപ ലഭിക്കുന്നുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന പഠനമുറി നിർമ്മിക്കുന്നതിന്, പട്ടികജാതി വികസന വകുപ്പിലെന്ന പോലെ നാല് ഗഡുക്കളായി തുക അനുവദിക്കുന്നതിനുള്ള സാധ്യത പതിനാലാം |

| | | | |
|---|---|---|---|
| | | | പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ തയ്യാറാക്കുമ്പോൾ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ